മായ നടപടി സ്വീകരിക്കുന്നതിനും വേണ്ടിവന്ന, ഒഴിവാക്കാൻ സാധിക്കാത്ത കാലതാമസം മാത്രമേ നിയമന ശുപാർശ നൽകുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ.

(സി) ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

21 (24) പി.എസ്.സി. വഴിയുള്ള നിയമനം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്താത്തതെന്തുകൊണ്ടാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഉദ്യോഗങ്ങളിലേയ്ക്ക് നിയമിക്കപ്പെടുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചു;

(ഡി) ഇതിൽ ഏതെല്ലാം ഉദ്യോഗങ്ങളിലേയ്ക്ക് നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കി;

(ഇ) ഈ ലിസ്റ്റുകളിലോരോന്നിൽ നിന്നും എത്ര പേരെ വീതം നിയമിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ 96,954 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

22 (25) പി.എസ്.സി. നിയമനങ്ങൾ ഏകീകരിച്ചുള്ള സ്പെഷ്യൽ റൂൾസ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള പി.എസ്.സി. നിയമനങ്ങൾ ഏകീകരിച്ച് സ്പെഷ്യൽ റൂൾസ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് പോലീസ് ഡയറക്ടർ ജനറൽ ടി1/87678/98 എന്ന നമ്പരിൽ സർക്കാരിന് ഒരു പ്രൊപ്പോസൽ 3.11.1998-ൽ നൽകിയിരുന്നുവോ;

(ബി) ഈ പ്രൊപ്പോസൽ പ്രകാരം ഒരു തീരുമാനമാകുന്നതുവരെ സബ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം നിർത്തിവയ്ക്കണമെന്ന് ഡി.ജി.പി. നിർദ്ദേശിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചതിനുശേഷം സബ് ഇൻസ്പെക്ടർമാരുടെ നിയമനം ഏതെങ്കിലും വിഭാഗത്തിലേക്ക് നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഡി.ജി.പി.യുടെ ഈ പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമായി വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ഇല്ല.

(സി) ഒഴിവുകൾ കാലാകാലങ്ങളിൽ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. നിയമനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

(ഡി) സർക്കാരിന്റെ പരിഗണനയിലാണ്.

23 (26) എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ നിന്നും ഇതുവരെ എത്രപേരെ അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പരാതി പരിഹരിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കുമോ;

(ഇ) മനഃപൂർവ്വം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ റാങ്കുലിസ്റ്റും നിയമന ശുപാർശയും സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് താഴെ കൊടുക്കുന്നു.

ജില്ല	*ലിസ്റ്റ് നിലവിൽ വന്ന തീയതി*	*അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം*
1. തിരുവനന്തപുരം	13.10.2000	398
2. കൊല്ലം	16.05.2000	215
3. പത്തനംതിട്ട	22.10.1999	229
4. ആലപ്പുഴ	18.04.2000	302

LIBRARY ARCHIVES Kerala Legislative Assembly